പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1871 08.06.2018-ലെ മറുപടിക്ക്

## കെ.എസ്.ആർ.ടി.സി.യുടെ വരുമാനം വർദ്ധിപ്പിക്കാൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സി. ദിവാകരൻ | ശ്രീ. എ.കെ. ശശീന്ദ്രൻ<br>(ഗതാഗത വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | 2018 ജനുവരി മുതൽ മെയ് മാസം വരെ കെ.എസ്.ആർ.ടി.സി.യുടെ പ്രതിമാസ വരവും ചെലവും എത്രയെന്നും പ്രതിമാസ നഷ്ടം എത്രയെന്നും വ്യക്തമാക്കുമോ; | (എ) | അനുബന്ധമായി ചേർക്കുന്നു. |
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കെ.എസ്.ആർ.ടി.സി.യുടെ വരുമാനം വർദ്ധിപ്പിക്കാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ? | (ബി) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കെ.എസ്.ആർ.ടി.സി.യുടെ വരുമാനം വർദ്ധിപ്പിക്കുവാൻ നിരവധി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കെ.എസ്.ആർ.ടി.സി.യുടെ മുഴുവൻ ഷെഡ്യൂളുകളുടെയും ഡ്യൂട്ടി പാറ്റേൺ ഏകീകരിക്കുന്നതിനും ഷെഡ്യൂളുകൾ ശാസ്ത്രീയമായി പരിഷ്കരിച്ച് ജീവനക്കാരുടെ വിഭവശേഷി പൂർണ്ണമായും ഉപയോഗപ്പെടുത്തുന്നതിനുമായി 15.06.2017 മുതൽ ഡ്യൂട്ടി സമ്പ്രദായം ഏകീകരിച്ച് ഉത്തരവ് നൽകിയിട്ടുണ്ടായിരുന്നു. ജീവനക്കാരുടെ കുറവ് മൂലം സർവ്വീസുകൾ റദ്ദ് ചെയ്യുന്നതും, ഷെഡ്യൂളുകൾ വെട്ടിക്കുറയ്ക്കുന്നതുമായ പ്രവണതകൾ ഒരു വലിയ അളവ് വരെ പരിഹരിക്കുന്നതിന് ഈ നടപടിയിലൂടെ കഴിഞ്ഞിരുന്നു. എന്നാൽ ഈ |

| | | | |
|---|---|---|---|
| | | | ഉത്തരവിനെ 1961-ലെ മോട്ടോർ വാഹന തൊഴിലാളി നിയമത്തിലെ വ്യവസ്ഥകൾ പ്രകാരമല്ല എന്ന് ചൂണ്ടി കാണിച്ചുകൊണ്ട് ബഹു:ഹൈക്കോടതി മുൻപാകെ ചില തൊഴിലാളി സംഘടനകളും, മറ്റ് ചില തൊഴിലാളികളും റിട്ട് ഹർജ്ജികളും അപ്പീൽ ഹർജ്ജികളും നൽകിയിട്ടുണ്ട്. ടി ഹർജികളിലെ വിധി പ്രകാരം ടി അപ്പീൽ ഹർജ്ജികളിലെ ഹർജ്ജിക്കാരേയും, അംഗീകൃത തൊഴിലാളികളേയും വിളിച്ച് ചേർത്ത് കൂടിയാലോചനകൾ നടത്തി പുതുതായി ഡ്യൂട്ടി പാറ്റേൺ സംബന്ധിച്ച് ഉത്തരവ് നൽകണമെന്ന് നിർദ്ദേശിച്ചിരുന്നു. അപ്രകാരം ബന്ധപ്പെട്ടവരുടെ യോഗം വിളിച്ച് ചേർത്ത് ചർച്ച ചെയ്തതിന്റെ അടിസ്ഥാനത്തിൽ 1961-ലെ മോട്ടോർ തൊഴിലാളി നിയമത്തിലേയും, 1962-ലെ കേരള മോട്ടോർ തൊഴിലാളി ചട്ടങ്ങളിലേയും വ്യവസ്ഥകൾക്ക് അനുസൃതമായി ക്രമീകരിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**

# അനുബന്ധം

| | ജനുവരി 2018 | ഫെബ്രുവരി 2018 | മാർച്ച് 2018 | ഏപ്രിൽ 2018 | മെയ് 2018 |
|---|---|---|---|---|---|
| വരവ് | 198.44 കോടി | 175.63 കോടി | 193.57 കോടി | 194.89 കോടി | 207.35 കോടി |
| ചെലവ് | 307.89 " | 292.08 " | 307.97 " | 246.22 " | 246.95 " |

2018 മാർച്ച് വരെയുള്ള പ്രതിമാസം നഷ്ടം ശരാശരി 105 കോടി രൂപയാണ്.

മുകളിൽ പ്രതിപാദിച്ചിരിക്കുന്ന ചിലവ് പെൻഷനുവേണ്ടിവരുന്ന ചെലവായ 60 കോടി രൂപയ്ക്ക് പുറമെയാണ്.

സെക്ഷൻ ഓഫീസർ